**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3473** **26-06-2024 - ൽ മറുപടിയ്ക്ക്**

**റീ സർവെ നടത്തുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കൈപ്പമംഗലം മണ്ഡലത്തിലെ മലബാർ മേഖലയിൽ ഭൂമിയുടെ തരംമാറ്റൽ പ്രശ്നങ്ങൾ, നികുതി കെട്ടാത്ത ഭൂമി പ്രശ്നങ്ങൾ, അതിർത്തി പ്രശ്നങ്ങൾ എന്നിവ കൂടുതലായി കണ്ടുവരുന്നതിനാൽ ആയത് പരിഹരിക്കുന്നതിനുവേണ്ടി റീസർവ്വെ നടത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത് എന്നറിയിക്കാമോ; | (എ) | കൈപ്പമംഗലം മണ്ഡലത്തിൽ കൊടുങ്ങല്ലൂർ താലൂക്കിൽ ഉൾപ്പെട്ട ചെന്ത്രാപ്പിന്നി, എടത്തിരുത്തി എന്നീ വില്ലേജുകളെ ഡിജിറ്റൽ റീസർവെ പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഡിജിറ്റൽ റീസർവെയുടെ അടുത്ത ഘട്ടങ്ങളിൽ ഉൾപ്പെടുത്തി ബാക്കിയുള്ള വില്ലേജുകളുടെ ഡിജിറ്റൽ സർവെ പൂർത്തിയാക്കുന്നതാണ്. ഡിജിറ്റൽ സർവെ പൂർത്തിയാകുമ്പോൾ മണ്ഡലത്തിലെ ഭൂപ്രശ്നങ്ങൾ വലിയ തോതിൽ പരിഹരിക്കുവാൻ കഴിയുന്നതാണ്. |
| (ബി) | കൈപ്പമംഗലം മണ്ഡലത്തിൽ നികുതി കെട്ടാത്ത ഭൂമി തരം മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | സ്വകാര്യ കൈവശത്തിലുള്ള നികുതി കെട്ടാത്ത ഭൂമികളുടെ ഇനം/തരം BTR ൽ രേഖപ്പെടുത്തിയിരിക്കുന്നത് നികുതി കെട്ടാത്തത് (നി.കെ.) എന്ന് മാത്രമാണ്. ഇത്തരം ഭൂമികളുടെ കാര്യത്തിൽ MLR Act പ്രകാരം റവന്യൂ ഡിവിഷണൽ ഓഫീസർ ഉത്തരവ് നൽകിയ കേസുകളിലും/ കേരള ലാൻഡ് ടാക്സ് നിയമപ്രകാരം തഹസിൽദാർമാർ ഭൂനികുതി നിർണയിച്ച് ഉത്തരവ് നൽകിയ കേസുകളിലും, BTR ലെ ഇനം/തരം നികുതി കെട്ടാത്തത് (നി.കെ.) എന്ന് തന്നെയാണ് തുടർന്നും രേഖപ്പെടുത്തി വരുന്നത്. ടി അപാകത പരിഹരിക്കുന്ന കാര്യത്തിൽ ഉചിതമായി തീരുമാനം സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ